റാവുബഹദൂർ ടി. കെ. നായർ: മറുപടി പറഞ്ഞു കഴിഞ്ഞു. ഒരു വ്യക്തി എന്ന നിലയിൽ ചെയ്യുന്നതും ഒരു പത്രം ചെയ്യുന്നതുമായ കുറെങ്ങൾക്കു വളരെ വ്യത്യാസമുണ്ട്. പത്രം ചെയ്യുന്ന തെറ്റു രാജ്യവ്യാപകമായ ഒന്നായിത്തീരും. ആ പത്രങ്ങളെ സംബന്ധിച്ചു ഞങ്ങൾക്കു പെട്ടെന്നു effective ആയി തോന്നിയ നടപടികളൊക്കെ എടുത്തിട്ടുണ്ട്.

CONCESSION—COCHIN GYMNASIUM

124. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു മാനപ്പെട്ട ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) മട്ടാഞ്ചേരിയിൽ സ്ഥിതിചെയ്യുന്ന "കൊച്ചിൻ ജിംനേഷ്യം" ഗവർമ്മെണ്ടിൽ നിന്നും ചില ആനുകൂല്യങ്ങളും മറ്റും ആവശ്യപ്പെട്ടുകൊണ്ടു് അപേക്ഷ അയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗവർമ്മെണ്ടു് അതിനെക്കുറിച്ചു് എന്തുചെയ്തു;

(ബി) ഇങ്ങിനെയുള്ള സ്ഥാപനങ്ങൾ ആകെ കൊച്ചീരാജ്യത്തിൽ എത്രയുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വു്. ടി സ്ഥാപനത്തിനു പ്രതിമാസം ₹൫൦ക. വീതം ഗ്രാൻറു് അനുവദിച്ചിട്ടുണ്ടു്.

(ബി) രണ്ടെണ്ണം.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ഫിസിക്കൽ ഡയറക്ടർമാരുടെ ട്രെയിനിംഗിനു് മദ്രാസ് വൈ. എം. സി. എ. യിലേയ്ക്കു് ആളുകളെ അയക്കാറില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടു്.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: അതുപോലെയുള്ള ട്രെയിനിംഗ് ഇവിടെത്തന്നെ കൊടുപ്പിച്ചാൽ പോരെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതുപോലെയല്ല ഇവിടത്തെ ട്രെയിനിംഗ് എന്നാണ് ഡിപ്പാർട്ടുമെൻറു് വിശ്വസിക്കുന്നതു്. ഇവിടെ അതിനുള്ള സൌകര്യമില്ല.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: അതുപോലെയുള്ള സൌകര്യമുണ്ടാക്കി ട്രെയിനിംഗ് നടത്തുന്നതിനുള്ള സ്ഥാപനം ഏറ്റെടുക്കരുതോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വേറൊരാൾ നടത്തുന്ന സ്ഥാപനം ഏറ്റെടുക്കണമെന്നു ഗവർമ്മെൻറുദ്ദേശിക്കുന്നില്ല.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: ഇതിൽ ൨ എണ്ണം എന്നു പറഞ്ഞിരിക്കുന്നതിൽ ഒന്നു രാമയ്യരുടേതല്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: അതിൽ ആകെ എത്ര കട്ടികളുണ്ടു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: ആകെ ൫൦ കട്ടികളുണ്ടു്. അവർക്കു് ഈ ₹൪൫ രൂപ ഗ്രാൻറു പോരാ എന്നറിയുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ₹൪൫ രൂപ ഗ്രാൻറു കൊച്ചിൻ ജിംനേഷ്യത്തിനാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൊച്ചിൻ ജിംനേഷ്യം എന്നാണു് തുടങ്ങിയതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വി. ആർ. രാമയ്യരുടെ ജിംനേഷ്യം എന്നാണു് തുടങ്ങിയതു് എന്നറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അയ്യരുടെ ജിംനേഷ്യത്തിനു ഗ്രാൻറു കൊടുക്കണമെന്നപേക്ഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗ്രാൻറു കൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഈ രൂപ എങ്ങിനെയാണു അവർ ചിലവുചെയ്യുന്നതെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മറെറല്ലാപേരും തുപ ചിലവുചെയ്യുന്നതുപോലെ അവരും ചിലവു ചെയ്യും. അവിടെ കുറച്ചു കൂടികൊടുക്കു വ്യായാമം കൊടുക്കുന്നുണ്ട്. അതിനാണ് ഗ്രാൻറ കൊടുക്കുന്നതു്.

FEES—DEPRESSED CLASS STUDENTS—DETAILS REGARDING

125. മിസ്റ്റർ കെ കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമൊ.—

(എ) അധഃകൃത വിദ്യാർത്ഥികൾ രണ്ടുകൊല്ലം ഒരേ ക്ലാസ്സിൽ തോറ്റാൽ മൂന്നാം കൊല്ലം മുഴുവൻ ഫീസ്സും കൊടുക്കണമെന്ന ഒരു കല്പന ഈ വിദ്യാഭ്യാസവർഷത്തിൽ ഗവർമ്മെണ്ടു പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കല്പനക്കുമുമ്പു്, അധഃകൃത വിദ്യാർത്ഥികൾ ഒരേ ക്ലാസ്സിൽ മൂന്നു കൊല്ലം ഒട്ടുംതന്നെ ഫീസ്സു് കൊടുക്കേണ്ടതില്ലെന്നും മൂന്നു കൊല്ലം കഴിഞ്ഞാൽ മൂന്നു കൊല്ലം പകുതി ഫീസ്സു് കൊടുത്താൽ മതിയെന്നും ഗവർമ്മെണ്ടു് ഒരു കല്പന പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ബി-യിൽ പറയുംപ്രകാരമുള്ള ഒരു കല്പന പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതു നിലവിലുള്ളപ്പോൾ എ-യിൽ പറയുംപ്രകാരമുള്ള ഒരു കല്പന പുറപ്പെടുവിക്കുവാൻ പ്രത്യേക കാരണമെന്തു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വു്.

(ബി) ഉവ്വു്.

(സി) പുതിയ കോഡിലെ നിബന്ധനകളനുസരിച്ചാണു് ഈ കല്പന പുറപ്പെടുവിച്ചിരിക്കുന്നതു്.

ADMISSION OF STUDENT NAMED PADMANABHAN IN THE MAHARAJA'S COLLEGE —DETAILS REGARDING

126. Mr. Ambat Eachara Menon *(Chittur-Tattamangalam):* Will Government be pleased to state.—

(*a*) is it a fact that a boy named Padmanabhan was admitted in the 1st class in the Maharaja's College and afterwards sent away paying back the fees he had remitted;

(*b*) why was he admitted and why sent away;

(*c*) has the Principal given him a letter to the Palghat College saying among other things that anybody would be proud to have such a brilliant boy;

(*d*) how many non-Cochinites are there now in the first class of the College?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) No.

(*b*) & (*c*) Not necessary in view of the answer to (*a*) above.

(*d*) None. Only Cochinites have been admitted.

LOWER SECONDARY SCHOOL AT KODAKARA

127. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു സദയം മറുപടി പറയുമൊ —

(എ) കൊടകര ഗവർമ്മെണ്ടു ലോവർ സെക്കണ്ടറി സ്കൂൾ സഹകാര്യവ്യക്തിക്കു വിട്ടു കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആർക്കാണു്;

(സി) പാട്ടമായൊ, വാടകയായൊ എന്താണു നിശ്ചയിച്ചിട്ടുള്ളതു്;

(ഡി) ക. വാടകയാണെങ്കിൽ എത്ര;

ഖ. പാട്ടമാണെങ്കിൽ എത്ര;

(ഇ) ഗവർമ്മെണ്ടിൽനിന്നും ഈ സ്കൂൾകെട്ടിടത്തിനു് എത്ര ചിലവു ചെയ്തിട്ടുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വു്.

(ബി) കൊടകര നാഷണൽ സ്കൂൾ മാനേജർക്കു്.

(സി) വാടകയാണു് നിശ്ചയിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly